**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **30-01-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കൈവശമുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കൈവശം എത്ര സ്ഥലമാണുള്ളതെന്നും അവയുടെ വിശദവിവരവും വില്ലേജാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിൽ, അമ്പലപ്പുഴ താലൂക്കിൽ, ആലപ്പുഴ പടിഞ്ഞാറ് വില്ലേജിൽ സർവ്വേ നമ്പർ 99/2, 99/3, 100/4, 100/7, 101/1, 101/2, 101/3, 121/2, 121/5, 121/9, 121/11 ൽ പ്പെട്ട 295.72 Ares (22 Acre 70.664 Cent) ഭൂമിയും ഇത് കൂടാതെ കടൽ നികന്ന് രൂപം കൊണ്ടതും സർവ്വേ നടത്തിയിട്ടില്ലാത്തതുമായ ഏകദേശം 19 ഏക്കർ ഭൂമിയും ഉണ്ട്. ഇവ റവന്യൂ ലാന്റ് രജിസ്റ്റർ പ്രകാരം സർക്കാർ പുറമ്പോക്കായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന് കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളുണ്ടെന്നും അവയുടെ കൈവശം എത്ര സ്ഥലമാണ് ഉള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 1. പോർട്ട് ഓഫീസ് -100/4 (36.30 Ares),<br><br>2. സ്റ്റാഫ് ക്വാർട്ടേഴ്സ്- 100/7 (07.20 Ares),<br><br>3. ട്രെയിനിംഗ് ഹാൾ -99/2 (21.275 Cent). |
| (സി) | പ്രസ്തുത മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അവയ്ക്കായി ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (സി) | 1. കേരള ഇൻലാന്റ് വെസ്സൽ റൂൾസുമായി ബന്ധപ്പെട്ട് PPP Mode/Direct Execution- ലോ ഡ്രൈഡോക്ക് നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താനായിട്ടില്ല.<br><br>2. കേരള ഇൻലാന്റ് വെസ്സൽ റൂൾസ് എൻഫോഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 20 ലക്ഷം രൂപയ്ക്ക് സ്പീഡ് ബോട്ട് വാങ്ങുന്നതിന് വർക്ക് ഓർഡർ നൽകി നിർമ്മാണപ്രവർത്തികൾ നടന്നുവരുന്നു.<br><br>3. ആലപ്പുഴയിൽ മുസ്രിസ് പദ്ധതിയുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് പുനർനിർമ്മിക്കുന്ന കടൽപ്പാലത്തോട് ചേർന്ന് ഒരു വാർഫ് നിർമ്മിക്കുന്നതിന് 18.5 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ സഹായം ലഭിക്കുവാൻ സമർപ്പിച്ചിട്ടുണ്ട്.<br><br>4. ആലപ്പുഴയിൽ തുറമുഖ ഭൂമിയിൽ മിനി മറീന പി പി പി മാതൃകയിൽ വികസിപ്പിക്കുവാനുള്ള സാധ്യതകൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ